**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2695** **22-01-2021 - ൽ മറുപടിയ്ക്ക്**

**കോടതികൾ കേന്ദ്രീകരിച്ച് നിയമസഹായകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാജു എബ്രഹാം** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ കോടതികൾ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്ക് നിയമസഹായം ലഭ്യമാക്കുന്നതിനായി നിയമസഹായകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഇവയുടെ പ്രവർത്തനരീതിയും ഉദ്ദേശവും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ജില്ലാ കോടതികൾ കേന്ദ്രീകരിച്ചു 14 ജില്ലാ നിയമ സേവന അതോറിറ്റികളും, താലൂക്കുകളിൽ ആകെ 62 താലൂക്ക് നിയമ സേവന കമ്മിറ്റികളും, ഹൈക്കോടതിയിൽ ഹൈക്കോർട്ട് നിയമ സേവന കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. നിയമ സേവനത്തിനുവേണ്ടി നിയമ സേവന കേന്ദ്രങ്ങളെ സമീപിക്കുന്ന അർഹതപ്പെട്ടവർക്കായി സൗജന്യ നിയമ ഉപദേശത്തിനും നിയമ സഹായത്തിനുമായി നിയമ സേവന അതോറിറ്റിയുടെ പാനലിലുള്ള അഭിഭാഷകരെ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അവരെ സഹായിക്കുന്നതിനായി പാരാ ലീഗൽ വോളന്റിയർമാരെ നിയമിച്ചിട്ടുണ്ട്. നിയമോപദേശത്തിനുവേണ്ടി സമീപിക്കുന്ന വ്യക്തിയെ കേട്ട് നടപടി ആവശ്യമുള്ള സംഗതിയാണെങ്കിൽ ആയതിനുവേണ്ടിയുള്ള നടപടികൾ സൗജന്യമായിത്തന്നെ ചെയ്തുകൊടുക്കുന്നുണ്ട്. 1987-ലെ നിയമ സേവന അതോറിറ്റി ആക്ട് പ്രകാരം താഴെ പറയുന്ന വിഭാഗത്തിലുള്ളവർക്ക് സൗജന്യ നിയമ സഹായത്തിനു അർഹതയുണ്ട്. • പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ; • യാചകവൃത്തി, പെൺവാണിഭം, അടിമവേല മുതലായവയ്ക്കായി അനധികൃത കൈമാറ്റത്തിന് വിധേയരാകുന്നവർ; • വികലാംഗക്ഷേമ നിയമപരിധിയിൽപ്പെട്ടവർ; • പ്രകൃതി ദുരന്തം, സാമുദായിക കലാപം, മത വർഗ്ഗീയ കലാപം, ഭൂകമ്പം, വ്യവസായിക ദുരന്തം മുതലായവയ്ക്ക് ഇരയാകുന്നവർ; • സ്ത്രീകളും കുട്ടികളും; • വ്യവസായിക തൊഴിലാളികൾ; • പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ, മാനസിക രോഗ ചികിത്സാലയങ്ങൾ, അനാഥാലയങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിലെ അന്തേവാസികൾ മുതലായവർ; • കസ്റ്റഡി പ്രതികൾ; • വാർഷിക വരുമാനം 3,00,000/- രൂപയിൽ താഴെയുള്ളവർ. |
| (ബി) | കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് സാധാരണക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനായി ഉയർന്ന കോടതികളിൽ സൗജന്യ നിയമസഹായം ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | മുകളിൽ പറഞ്ഞ പ്രകാരമുള്ള അർഹതപ്പെട്ടവർക്ക് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും സൗജന്യ നിയമ സഹായം ലഭ്യമാക്കിവരുന്നുണ്ട്. ഇതിനായി ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റിയും, സുപ്രീം കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. സുപ്രീം കോടതിയിൽ സൗജന്യ നിയമ സഹായത്തിനുള്ള വാർഷിക വരുമാനപരിധി 5,00,000/- രൂപ ആണ്. |

സെക്ഷൻ ഓഫീസർ